✎ ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1117

# സൂറ – 38 / സ്വാദ്

### സൂക്തം: 24 – 26

അല്ലാഹുവിന്റെ ശാസനകളെയാണ് അവന്റെ പ്രതിനിധി പിന്തുടരേണ്ടത്. ജഡികേഛകളെ പിന്തുടർന്നാൽ അതയാളെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് -പ്രതിനിധിയുടെ ദൗത്യത്തിൽ നിന്ന്- വ്യതിചലിപ്പിക്കും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിക്കുമ്പോൾ, തന്റെ ദൗത്യം എങ്ങനെ നിർവഹിച്ചുവെന്ന് ഒരുനാൾ താൻ പ്രതിനിധീകരിക്കുന്ന അല്ലാഹുവിന്റെ മുമ്പിൽ കണക്കുപറയേണ്ടി വരുമെന്ന കാര്യം മറന്നുപോകുന്നു. കൊടിയ നരക ശിക്ഷയിലേക്കാണ് അതവരെ കൊണ്ടെത്തിക്കുക.

قَالَ لَقَدْ ظَلَمَكَ بِسُؤَالِ نَعْجَتِكَ إِلَىٰ نِعَاجِهِۦ ۖ وَإِنَّ كَثِيرًا مِّنَ ٱلْخُلَطَآءِ لَيَبْغِي بَعْضُهُمْ عَلَىٰ بَعْضٍ إِلَّا ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّٰلِحَٰتِ وَقَلِيلٌ مَّا هُمْ ۗ وَظَنَّ دَاوُۥدُ أَنَّمَا فَتَنَّٰهُ فَٱسْتَغْفَرَ رَبَّهُۥ وَخَرَّ رَاكِعًا وَأَنَابَ ۩ ﴿٢٤﴾

24. ദാവൂദ് പ്രസ്താവിച്ചു: നിന്റെ ആടിനെ അവന്റെ ആടുകളിലേക്കു ചോദിച്ചതിലൂടെ തീർച്ചയായും അവൻ നിന്നോടതിക്രമം ചെയ്തിരിക്കുന്നു. കൂട്ടാളികളായി കഴിയുന്നവരിലധികവും പരസ്പരം അതിക്രമിക്കുന്നുണ്ട്. സത്യധർമങ്ങൾ വിശ്വസിക്കുകയും സൽക്കർമങ്ങളാചരിക്കുകയും ചെയ്യുന്നവർ മാത്രമേ അതിൽനിന്നൊഴിവുള്ളൂ. അവരാകട്ടെ നന്നേ വിരളവുമാകുന്നു. ഈ സന്ദർഭത്തിൽ ദാവൂദ് മനസ്സിലാക്കി; നാം അദ്ദേഹത്തെ പരീക്ഷിച്ചതു തന്നെയാണെന്ന്. ഉടനെ തന്റെ നാഥനോട് പാപമോചനം തേടി. റുകൂഇൽ വീഴുകയും പശ്ചാത്തപിക്കുകയും ചെയ്തു.

فَغَفَرْنَا لَهُۥ ذَٰلِكَ ۖ وَإِنَّ لَهُۥ عِندَنَا لَزُلْفَىٰ وَحُسْنَ مَـَٔابٍ ﴿٢٥﴾

25. അപ്പോൾ നാം അദ്ദേഹത്തിന് അത് പൊറുത്തുകൊടുത്തു. തീർച്ചയായും അദ്ദേഹത്തിന് നമ്മുടെയടുക്കൽ ഉറ്റ സാമീപ്യവും വിശിഷ്ട പരിണതിയുമുണ്ട്.

**24,25**

قَالَ لَقَدْ ظَلَمَكَ = തീർച്ചയായും അവൻ നിന്നോടതിക്രമം ചെയ്തിരിക്കുന്നു

بِسُؤَالِ نَعْجَتِكَ إِلَىٰ نِعَاجِهِ ۖ = നിന്റെ ആടിനെ അവന്റെ ആടിലേക്ക് ചോദിച്ചതിലൂടെ

وَإِنَّ كَثِيرًا مِّنَ الْخُلَطَاءِ = കൂടിക്കലർന്നവരിൽ (കൂട്ടാളികളായി കഴിയുന്നവരിൽ) അധികവും

لَيَبْغِي بَعْضُهُمْ عَلَىٰ بَعْضٍ = തീർച്ചയായും ചിലർ ചിലരുടെ മേൽ (പരസ്പരം) അക്രമിക്കുന്നുണ്ട്

إِلَّا الَّذِينَ آمَنُوا وَعَمِلُوا الصَّالِحَاتِ = സത്യ-ധർമങ്ങളിൽ വിശ്വസിക്കുകയും സൽകർമങ്ങൾ ആചരിക്കുകയും ചെയ്യുന്നവർ ഒഴിച്ച് (ചെയ്യുന്നവർ മാത്രമേ അതിൽനിന്ന് ഒഴിവുള്ളൂ)

وَقَلِيلٌ مَّا هُمْ = അവരാവട്ടെ നന്നേ വിരളവുമാകുന്നു

وَظَنَّ دَاوُودُ = ദാവൂദ് ഊഹിച്ചു (മനസ്സിലാക്കി)

أَنَّمَا فَتَنَّاهُ = നാം അദ്ദേഹത്തെ പരീക്ഷിച്ചതു തന്നെയാണെന്ന്

فَاسْتَغْفَرَ رَبَّهُ = ഉടനെ അദ്ദേഹം തന്റെ നാഥനോട് പാപമോചനം തേടി

وَخَرَّ رَاكِعًا وَأَنَابَ = റുകൂഇൽ വീഴുകയും പശ്ചാത്തപിക്കുകയും ചെയ്തു

فَغَفَرْنَا لَهُ ذَٰلِكَ = അപ്പോൾ നാം അദ്ദേഹത്തിന് അതു പൊറുത്തുകൊടുത്തു

وَإِنَّ لَهُ عِندَنَا = തീർച്ചയായും അദ്ദേഹത്തിന് നമ്മുടെ അടുക്കൽ ഉണ്ട്

لَزُلْفَىٰ = (ഉറ്റ) സാമീപ്യം

وَحُسْنَ مَآبٍ = നല്ല മടക്കവും (വിശിഷ്ടമായ പരിണതിയും)

خلطة (കലർപ്പ്)തിൽ നിന്നുത്ഭവിച്ച خليط (മിശ്രിതം) - ന്റെ ബഹുവചനമാണ് خلطاء പരസ്പരം ഇടപഴകി കഴിയുന്നവർക്കും കൂട്ടാളികൾക്കും പങ്കാളികൾക്കും خلطاء എന്നു പറയും. ഇവിടെ ഉദ്ദേശ്യം പങ്കാളികൾ ആണെന്ന് മുഫസ്സിറുകൾ പൊതുവിൽ പറയുന്നു. قَلِيلٌ مَّا എന്നതിലെ مَّا 11-ാം സൂക്തത്തിലെ جُندٌ مَّا യിലെ مَّا പോലെ قَلِيلٌ ന്റെ അർഥത്തെ ഊന്നുന്ന അധിക ശബ്ദമാണ്. നന്നെ കുറച്ചും വളരെ വിരളവുമാണ് قَلِيلٌ مَّا. ഫിത്നയുടെ ആശയം നേരത്തേ വിശദീകരിച്ചിരിക്കുന്നു. അതിൽനിന്നുള്ള فَتَنَ-യുടെ ഉത്തമപുരുഷ ബഹുവചന രൂപമാകുന്നു فَتَنَّا. അല്ലാഹു ഈ കേസിലൂടെ തന്റെ വീഴ്ച ബോധ്യപ്പെടുത്താൻ തന്നെ പരീക്ഷിക്കുകയായിരുന്നുവെന്ന് മനസ്സിലായി എന്നാണ് وَظَنَّ دَاوُودُ أَنَّمَا فَتَنَّاهُ-ന്റെ താൽപര്യം. നേരത്തെ പരാമർശിച്ച آب-യുടെ പര്യായമാണ് نَابَ. പാപങ്ങളിൽ പശ്ചാത്തപിക്കുന്നവനും അല്ലാഹുവിനെ അധികമധികം വണങ്ങുന്നവനും مُنِيب ആകുന്നു. 11:75-ൽ ഇബ്റാഹീം നബിയെ مُنِيب എന്ന വിശേഷിപ്പിക്കുന്നുണ്ട്. مَآب 'ആബ' യുടെ നാമരൂപമാണ്, മടക്കം. أوب ആണ് അസൽ രൂപം. അല്ലാഹുവിങ്കലേക്ക് മടങ്ങുന്നതിന് أوب ഉപയോഗിക്കാറില്ല. വിചാരണനാളിൽ അല്ലാഹുവിങ്കൽ ആദരണീയനായി സ്വർഗത്തിലേക്കുള്ള മടക്കമാണ് حسن مآب. പ്രണാമത്തിൽ വീഴുന്നതിന് ഖുർആൻ ഉപയോഗിക്കാറുള്ളത് 'സുജൂദിൽ വീണു' എന്നാണ്. ഇവിടെ خَرَّ رَاكِعًا റുകൂഇൽ വീണു എന്നു പറയുന്നത് സുജൂദിൽ വീണു എന്ന അർഥത്തിലാണെന്ന് മുഫസ്സിറുകൾ പൊതുവിൽ കരുതുന്നു. ഇസ്രാഈല്യർക്ക് നെറ്റി തറയിൽ പതിച്ചുകൊണ്ടുള്ള സുജൂദ് ഉണ്ടായിരുന്നില്ല. റുകൂഅ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടാണീ റുകൂഅ് പരാമർശം എന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിരിക്കുന്നു.

റുകൂഅ് കുനിയൽ, കുമ്പിടൽ ആണ്. അതും സുജൂദ്, ചുരുങ്ങിയ പക്ഷം അർധ സുജൂദെങ്കിലുമാണ്. തിലാവത്തിന്റെ (ഖുർആൻ പാരായണത്തിനിടയിൽ ഉള്ള)യും ശുക്റിന്റെയും തൗബയുടെയും സുജൂദുകൾ റുകൂഇന്റെ രൂപത്തിൽ ആവാമെന്നും ചിലർക്കഭിപ്രായമുണ്ട്. എന്നാൽ നബി(സ) ഈ സൂക്തം പാരായണം ചെയ്യുമ്പോൾ സാധാരണ സുജൂദ് തന്നെയാണ് ചെയ്തിട്ടുള്ളത്. അതുപ്രകാരം ഈ സൂക്തം പാരായണം ചെയ്യുമ്പോൾ സുജൂദ് ചെയ്യുന്നത് പ്രബലമായ സുന്നത്താകുന്നു.

കക്ഷികളുടെ കേസ് കേട്ട ദാവൂദ് (അ) അസന്ദിഗ്ധമായി വിധി പ്രസ്താവിച്ചു. നൂറാടുകൾക്കുടമയായ കൂട്ടുകാരൻ നിന്റെ ഏക ആടിനെകൂടി ആവശ്യപ്പെട്ടത് തീർച്ചയായും നിന്നോട് ചെയ്ത അതിക്രമമാണ്. വിധി പ്രസ്താവനയിൽ അദ്ദേഹം ഇങ്ങനെ ഒരു നിരീക്ഷണവും നടത്തി: വ്യവഹാരങ്ങളിൽ പങ്കാളികളായി കൂടിക്കലർന്ന് കഴിയുന്നവരിൽ ബഹുഭൂരിപക്ഷവും പരസ്പരം അതിക്രമം ചെയ്യുന്നവർ തന്നെയാണ്. അതിനൊരു ഉദാഹരണമാകുന്നു ഈ കേസ്. സത്യധർമങ്ങളിൽ വിശ്വസിച്ച് സന്മാർഗനിരതരായി ജീവിക്കുന്നവർ മാത്രമേ ഇത്തരം അതിക്രമങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്നുള്ളൂ. അത്തരക്കാരാകട്ടെ നമ്മുടെ സമൂഹത്തിൽ വളരെ വിരളവുമാകുന്നു. ഈ ഘട്ടത്തിൽ ഇത്തരം ഒരതിക്രമം തന്നിൽനിന്നും വന്നുപോയിട്ടുണ്ടല്ലോ എന്ന് അദ്ദേഹത്തിനു ബോധമുദിച്ചു. ഉടനെ അദ്ദേഹം കുറ്റബോധത്തോടെ അല്ലാഹുവിനോട് മാപ്പുതേടി. പശ്ചാത്താപവിവശനായി സുജൂദിൽ വീഴുകയും ചെയ്തു. നാൽപതുനാൾ ആ സുജൂദിൽ തന്നെ കിടന്നു കരഞ്ഞുവെന്നൊക്കെയാണ് കഥകളിലുള്ളത്. അതെന്തായാലും അല്ലാഹു ആ പിഴ അദ്ദേഹത്തിന് പൊറുത്തുകൊടുത്തു. പരലോകത്ത് അദ്ദേഹത്തിന് അല്ലാഹുവിങ്കൽ ഉറ്റസാമീപ്യമുണ്ടായിരിക്കും. ഒടുവിലദ്ദേഹം അതിവിശിഷ്ടമായ സ്വർഗം പൂകുകയും ചെയ്യും.

എന്തായിരുന്നു ദാവൂദ് നബിക്കു സംഭവിച്ച വീഴ്ച? വ്യത്യസ്ത വിശദീകരണങ്ങളാണ് വ്യാഖ്യാതാക്കൾ നൽകുന്നത്. ബൈബിളിൽ (2 ശമുവേൽ 11) പറയുന്ന ഒരു കഥ അപ്പടി സ്വീകരിച്ചുകൊണ്ടുള്ളതാണ് ചിലരുടെ വ്യാഖ്യാനം. കഥയുടെ സംഗ്രഹമിതാണ്: ദാവൂദ് നബി ഒരിക്കൽ, അദ്ദേഹത്തിന്റെ ഹിത്തിയനായ ഭടൻ ഊറിയാവിന്റെ ഭാര്യയുടെ കുളിസീൻ കണ്ട് അവളെ മോഹിച്ചു. അദ്ദേഹം അവളെ അന്തഃപുരത്തിൽ വിളിച്ചു വരുത്തി പ്രാപിച്ചു. പിന്നെ ആ സ്ത്രീയെ സ്വന്തമാക്കാൻ തീരുമാനിച്ചു. ഊറിയാ അന്ന് ഇസ്രാഈല്യരും അമ്മോനിയരും തമ്മിൽ യുദ്ധം നടക്കുന്ന റബ്ബ പ്രദേശത്തായിരുന്നു. ദാവൂദ് നബി ആ സൈന്യത്തിന്റെ തലവനായിരുന്ന യോവാബിനെക്കൊണ്ട് ഊറിയായെ ചതിച്ചു കൊല്ലിച്ചു. അനന്തരം അയാളുടെ ഭാര്യയായിരുന്ന ബത്ശേബ എന്നു പേരായ ആ സ്ത്രീയെ സ്വന്തം ഭാര്യയാക്കി. ഈ സ്ത്രീയുടെ മകനാണ് സുലൈമാൻ നബി എന്നുകൂടി കഥകൾ പറയുന്നുണ്ട്. ഇതാണ് ഇവിടെ സൂചിപ്പിക്കുന്ന കുറ്റം. രണ്ടു കാരണങ്ങളാൽ ഈ കഥ സ്വീകാര്യമല്ല. ഇസ്രാഈലീ പ്രവാചകന്മാരുടെ അനുയായികളിൽ പ്രവാചകന്മാരോട് ആദരവും സ്നേഹവുമില്ലാത്ത ഇസ്രാഈല്യർ എക്കാലത്തും ധാരാളമുണ്ടായിരുന്നു. സ്വന്തം പ്രവാചകനെ കൊന്നുക

ളഞ്ഞ ചരിത്രം പോലുമുണ്ടവർക്ക്. മൂസാ നബിയുടെ അനുയായികളിൽ പോലും ഒട്ടും കൂറില്ലാത്തവരുണ്ടായിരുന്നു. അത്തരക്കാർ സ്വന്തം പ്രവാചകന്മാരെക്കുറിച്ച് വ്യാജമായ ആരോപണങ്ങൾ പ്രചരിപ്പിക്കാൻ ഒട്ടും മടിച്ചിരുന്നില്ല. കെട്ടിച്ചമച്ച പല ആരോപണങ്ങളും ആദ്യം കിംവദന്തികളായും പിന്നെ ചരിത്രമായും ഒടുവിൽ ബൈബിൾ പ്രമാണങ്ങളായും തീർന്നിട്ടുണ്ട്. യഥാർഥ തൗറാത്ത് അല്ലാഹു മൂസാ നബിക്ക് അവതരിപ്പിച്ചു കൊടുത്തതാണ്. ചരിത്രത്തിന്റെ പല ഘട്ടങ്ങളിലും മുഖ്യ തൗറാത്ത് അവർക്ക് നഷ്ടപ്പെട്ടിട്ടുണ്ട്. അപ്പോഴൊക്കെ അവരത് ഓർമയിൽനിന്ന് പകർത്തുകയായിരുന്നു. ഒപ്പം ചരിത്രവും ഐതിഹ്യങ്ങളും ഭാവനാ വിലാസങ്ങളുമെല്ലാം അതിൽ കൂട്ടിച്ചേർക്കുകയും ചെയ്തു. ഇതിന്റെയെല്ലാം സമുച്ചയമാണ് ഇന്നറിയപ്പെടുന്ന തൗറാത്ത്. അങ്ങനെയാണ് മൂസാ നബി മരിച്ച് അനേകവർഷങ്ങൾക്കു ശേഷം നിലവിൽ വന്ന ഇസ്രായേലിൽ രാജാവായിരുന്ന ദാവൂദ് നബിയുടെ ചരിത്രവും തൗറാത്തിന്റെ ഭാഗമാകുന്നത്.

രണ്ടാമത്തെ കാരണം ഇസ്‌ലാമിക അഖീദ (വിശ്വാസപ്രമാണം) അനുസരിച്ച് അന്യന്റെ ഭാര്യയെ വ്യഭിചരിക്കുക, അവളെ സ്വന്തമാക്കാൻ അവളുടെ നിരപരാധിയായ ഭർത്താവിനെ കൊല്ലുക തുടങ്ങിയ നീചകൃത്യങ്ങളൊന്നും ഒരു പ്രവാചകനിൽനിന്ന് ഉണ്ടാകുന്നതല്ല. അഥവാ അത്തരം ആളുകളെ അല്ലാഹു പ്രവാചകത്വം കൊണ്ട് അനുഗ്രഹിക്കുകയില്ല. പ്രവാചകന്മാർ പാപസുരക്ഷിതത്വം-عِصْمَة-ഉള്ളവരാണ്. ചെറിയ കുറ്റങ്ങൾ പോലും അവരിൽ നിന്നുണ്ടാവില്ല എന്നാണ് പണ്ഡിതന്മാരുടെ പൊതുവായ നിലപാട്. മാനുഷികമായ ചെറിയ വീഴ്ചകൾ അവർക്കു സംഭാവിക്കാമെന്ന് പറയുന്നവരുമുണ്ട്. അതാണ് ശരി. അത്തരം പിഴവുകളും, പ്രസക്തമാണെങ്കിൽ അല്ലാഹു ഉടനെ തിരുത്തിക്കൊടുക്കും. സത്യസന്ധരും സംസ്കാരസമ്പന്നരും സൽസ്വഭാവികളും ദൈവഭക്തരും അധമമായ ആസക്തികൾക്കടിപ്പെടാത്ത ആത്മനിയന്ത്രണമുള്ളവരുമായിരിക്കും പ്രവാചകന്മാർ. യഥാർഥ പ്രവാചകന്മാരുടെ സത്യചരിത്രങ്ങൾ അത് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ഈയടിസ്ഥാനത്തിൽ ഉപരിസൂചിത ബൈബിൾ കഥയെ ഒരു വിഭാഗം മുഫസ്സിറുകൾ പൂർണമായി നിരാകരിച്ചിരിക്കുന്നു. അവരുടെ വീക്ഷണത്തിൽ ദാവൂദ് നബിയുടെ استغفار പാപമോചനം തേടൽ പാപം ചെയ്തിട്ടുള്ളതുകൊണ്ടല്ല, പാപസുരക്ഷിതത്വം ഉള്ളതോടൊപ്പം തന്നെ പാപമോചനം തേടാൻ അല്ലാഹു കൽപിച്ചിട്ടുള്ളതുകൊണ്ടും-استغفار- പാപമോചനം തേടിക്കൊണ്ടിരിക്കൽ പ്രവാചകന്മാരുടെ شِعَار - ചിഹ്നമായതുകൊണ്ടുമാകുന്നു.

അവരുടെ ദൃഷ്ടിയിൽ സൂക്തങ്ങൾ സൂചിപ്പിക്കുന്നത് താഴെപറയുന്ന രണ്ടിലൊരു കാര്യത്തെയോ രണ്ടു കാര്യങ്ങളും ചേർന്നതിനെയോ ആണ്. രണ്ടും നീതിമാനായ വിധികർത്താവിനു ചേർന്നതല്ല. 1) തന്നെ സമീപിച്ച കക്ഷികളെ ഘാതകരെന്ന് തെറ്റിദ്ധരിച്ചതും ഭയപ്പെട്ടതും. 2) പ്രതിയെ കേൾക്കാതെ വാദിക്കനുകൂലമായി വിധിച്ചത്. ഇതുറപ്പിക്കാൻ ചിലർ ന്യായം പ്രതിയുടെ പക്ഷത്തായിത്തീരുന്നു എന്നുകൂടി പറയുന്നുണ്ട്. ഈ രണ്ടു വിശദീകരണവും ദുർബലമാണ്. 1) ഭയം ആരും മന:പൂർവം ഉണ്ടാക്കുന്നതല്ല. ആപൽക്കരമായ സാഹചര്യങ്ങളിൽ മനസ്സിൽ സ്വയം ഉയർന്നുവരുന്ന വികാരമാണത്. കാവൽക്കാരെ ഭേദിച്ച് അസമയത്ത് തന്റെ സ്വകാര്യ മുറിയിൽ അപരിചിതരായ രണ്ടു പേർ മതിൽ ചാടി കടന്നുവന്നാൽ, അവർ തന്നെ അക്രമിക്കാനെത്തിയവരാണെന്ന് ഭയപ്പെടുന്നത് ഒരു കുറ്റമാകുന്നതെങ്ങനെയാണ്? 2) കേസുകൾ വിചാരണ ചെയ്യുമ്പോൾ വാദിയെയും പ്രതിയെയും കേൾക്കേണ്ടത് നിർബന്ധം തന്നെ. ഇവിടെ പക്ഷേ പ്രതിയുടെ അഭാവത്തിലല്ല ദാവൂദ് (അ) വാദിയെ കേൾക്കുന്നത്. വാദി അസത്യമോ അന്യായമോ പറയുന്നുണ്ടെങ്കിൽ പ്രതിക്ക് അക്കാര്യം കോടതിയെ ബോധിപ്പിക്കാൻ ഒരു തടസ്സവുമുണ്ടായിരുന്നില്ല. ഇവിടെ പക്ഷേ വാദി പരാതി സമർപ്പിച്ചപ്പോൾ പ്രതി മൗനം പാലിക്കുകയായിരുന്നു. അയാളുടെ കുറ്റസമ്മതമാണ് ആ മൗനം. അതുകൊണ്ട് പ്രതിയെ കേൾക്കാതെ ഏകപക്ഷീയമായി വിധി പറഞ്ഞു എന്ന വാദം നിരർഥകമാകുന്നു.

മറ്റൊരു വ്യാഖ്യാനം ഇങ്ങനെ: ബൈബിൾ കഥയെ പൂർണമായി സ്വീകരിക്കുകയോ പൂർണമായി നിരാകരിക്കുകയോ ചെയ്യേണ്ടതില്ല. കഥയിലെ കല്ലും നെല്ലും വേർതിരിച്ചാൽ അതും, പ്രകൃത സൂക്തങ്ങളിലെ സംഭവവും തമ്മിൽ ബന്ധമുണ്ടെന്നു കാണാവുന്നതാണ്. ഊറിയായുടെ ഭാര്യ ബത്ശേബയെ യാദൃഛികമായി കാണാനിടയായ ദാവൂദ് (അ) അവരിൽ തൽപരനായി. അവരെ വിവാഹം ചെയ്യാനാഗ്രഹിച്ചു. അതിനായി ഊറിയായോട് തനിക്കുവേണ്ടി അവളെ വിവാഹമോചനം ചെയ്യണമെന്നാവശ്യപ്പെട്ടു. ഊറിയാക്ക് അത് സമ്മതമായിരുന്നില്ലെങ്കിലും രാജകൽപനയായതുകൊണ്ട് വഴങ്ങിയിട്ടുണ്ടാവാം. നേരത്തേ ഭാര്യമാരുണ്ടായിരുന്ന ദാവൂദ് നബി അങ്ങനെ ബത്ശേബയെ വിവാഹം ചെയ്തിട്ടുണ്ടാവാം. അമോനിയരുമായി നടന്ന യുദ്ധത്തിന് പോയ ഊറിയാ ശത്രുക്കളാൽ കൊല്ലപ്പെട്ടു. ദാവൂദ് നബിയുടെ വിമർശകർ ഈ സംഭവങ്ങൾ കൂട്ടിയിണക്കി. തങ്ങളുടെ വക കുറേ മസാലയും ചേർത്ത് പ്രചരിപ്പിച്ചു. അത് പിന്നീട് വേദവചനങ്ങളായി ബൈബിളിൽ സ്ഥലം പിടിച്ചു.

ഒരു വിവാഹിതയിൽ മോഹം ജനിക്കുന്ന പുരുഷൻ അവളുടെ ഭർത്താവിനെക്കൊണ്ട് വിവാഹമോചനം ചെയ്യിച്ച് സ്വയം വിവാഹം ചെയ്യുന്ന ഏർപ്പാട് പഴയകാലത്ത് അപൂർവമായിരുന്നില്ല. അന്യപുരുഷനെ കാമിക്കുന്ന വിവാഹിത ഭർത്താവിൽനിന്ന് വിവാഹമോചനം നേടി കാമിച്ച പുരുഷനെ വേൾക്കുന്നതും അപ്രകാരം തന്നെ. ചിലപ്പോൾ അതിനുവേണ്ടി അയാളുടെ നിലവിലുള്ള ഭാര്യയെ ഒഴിവാക്കിച്ചെന്നും വരും. സമ്പത്തും അധികാരവുമുള്ളവർക്ക് എളുപ്പമാണത്. പണ്ടു മാത്രമല്ല, ഇക്കാലത്തും ഇതൊക്കെ രഹസ്യമായും പരസ്യമായും നടക്കുന്നുണ്ട്. മഹാപാപത്തിന്റെയും ക്രിമിനൽ കുറ്റത്തിന്റെയും ഗണത്തിൽ ഇതുൾപ്പെടുന്നില്ല. അന്യന്റെ ഭാര്യയെ നിയമാനുസാരം വിവാഹമോചനം ചെയ്യപ്പെടാതെ വേൾക്കുന്നതും ബലാൽക്കാരം തട്ടിക്കൊണ്ടു പോകുന്നതുമാണ് കുറ്റകരം. എങ്കിലും മാന്യന്മാർക്ക് ചേരാത്ത മോശപ്പെട്ട നടപടിയായിട്ടാണ് അന്നും ഇന്നും പൊതുസമൂഹം അതിനെ വീക്ഷിക്കുന്നത്. ഇതാണ് ദാവൂദ് നബിക്കു സംഭവിച്ച വീഴ്ച. അതേക്കുറിച്ച് അദ്ദേഹത്തെ ബോധവാനാക്കാനാണ് മലക്കുകൾ വന്ന് ഇങ്ങനെയൊരു നാടകം നടത്തിയത്. അത് തികച്ചും ഫലിക്കുകയും ചെയ്തു. ശൈഖ് മുഹമ്മദ് ത്വാഹിറുബ്നു ആശൂറും മറ്റും നൽകിയിട്ടുള്ള ഈ വ്യാഖ്യാനമാണ് കൂടുതൽ സ്വീകാര്യവും യുക്തിസഹവും.

മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയെപ്പോലുള്ള

പണ്ഡിതന്മാർ വിഷയത്തെ സമീപിക്കുന്നതിങ്ങനെയാണ്: ദാവൂദ് നബിയിൽനിന്ന് അദ്ദേഹത്തിന്റെ പദവിക്കു ഭൂഷണമല്ലാത്ത എന്തോ നടപടിയുണ്ടായി. അതെന്താണെന്നും എത്രത്തോളം ഗൗരവമുള്ളതാണെന്നും ഖുർആൻ വ്യക്തമാക്കുന്നില്ല. നാം അതറിയേണ്ടത് ആവശ്യമല്ലാത്തതു കൊണ്ടാണത്. ആ നിലക്ക് നാം അതന്വേഷിച്ചു നടക്കേണ്ട കാര്യമില്ല. ദാവൂദ് നബിക്ക് സംഭവിച്ച വീഴ്ച എന്തെന്നു വിവരിക്കുകയല്ല ഖുർആൻ ഈ കഥ പറയുന്നതിന്റെ ലക്ഷ്യം. പ്രത്യുത ദാവൂദ് (അ) മഹാനായ പ്രവാചകനും നീതിമാനായ രാജാവും ഒപ്പം മഹാഭക്തനുമായ മാതൃകാ പുരുഷനായിരുന്നുവെന്ന് പഠിപ്പിക്കുകയാണ്. അദ്ദേഹത്തിന് വല്ല തെറ്റും പറ്റിയിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തിന്റെ മാതൃകാപരമായ ചര്യയുടെ കൂട്ടത്തിൽ പറയേണ്ടതില്ലല്ലോ.

പ്രകൃത സൂക്തങ്ങൾ അദ്ദേഹത്തിനു നൽകുന്ന വിശേഷണങ്ങൾ നോക്കുക: അല്ലാഹുവിനോടുള്ള അദമ്യമായ അടിമത്തം (عبدنا), കായികവും മാനസികവുമായ ദൃഢത (ذوا لايدى), പ്രകൃതിയെ തന്നിലേക്കലിയിപ്പിക്കുന്ന ഭക്തിനിർഭരമായ സങ്കീർത്തനങ്ങൾ (سخرنا الجبال يسجن والطّير), അല്ലാഹുവിനെ ആശ്രയിക്കുന്നതിലും ആരാധിക്കുന്നതിലുമുള്ള അതിജാഗ്രത (اوّاب), ജ്ഞാനവും പ്രവാചകത്വവും (الحكمة), വാഗ്‌വൈഭവം (فصل الخطاب) പാപമോചന പ്രാർഥന (استغفار), പശ്ചാത്താപം (اناب), അല്ലാഹുവിന്റെ സാമീപ്യം (عندنا زلفى), വിശിഷ്ട പരിണതി- സ്വർഗാവകാശം (حسن مئاب). അടുത്ത സൂക്തത്തിൽ ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധി എന്നു കൂടി വിശേഷിപ്പിക്കുന്നുണ്ട്. അത്തരക്കാരുടെ ചെറിയ ചെറിയ വീഴ്ചകൾ പോലും യഥാസമയം തിരുത്തി അല്ലാഹു അവരുടെ വിശുദ്ധിയെ കാത്തുരക്ഷിക്കുന്നു. ●

---

26. അല്ലയോ ദാവൂദ്, നാം നിന്നെ ഭൂമിയിൽ പ്രതിനിധിയായി നിശ്ചയിച്ചിരിക്കുകയാണ്. ആകയാൽ നീ ജനങ്ങൾക്കിടയിൽ നീതി വിധിക്കേണം. ജഢികേഛകളെ പിന്തുടർന്നുകൂടാ. അതു നിന്നെ ദൈവസരണിയിൽനിന്ന് വ്യതിചലിപ്പിക്കും. ദൈവസരണിയിൽനിന്ന് വ്യതിചലിക്കുന്നവരോ, വിചാരണാദിനം മറന്നുപോയതിനാൽ അവർക്കുള്ളത് കൊടിയ നരകപീഡനമാകുന്നു.

يَٰدَاوُۥدُ إِنَّا جَعَلْنَٰكَ خَلِيفَةً فِى ٱلْأَرْضِ فَٱحْكُم بَيْنَ ٱلنَّاسِ
بِٱلْحَقِّ وَلَا تَتَّبِعِ ٱلْهَوَىٰ فَيُضِلَّكَ عَن سَبِيلِ ٱللَّهِ ۚ إِنَّ ٱلَّذِينَ يَضِلُّونَ
عَن سَبِيلِ ٱللَّهِ لَهُمْ عَذَابٌ شَدِيدٌۢ بِمَا نَسُوا۟ يَوْمَ ٱلْحِسَابِ ﴿٢٦﴾

**26**

يَا دَاوُودُ = അല്ലയോ ദാവൂദ്

إِنَّا جَعَلْنَاكَ خَلِيفَةً فِي الْأَرْضِ = നാം നിന്നെ ഭൂമിയിൽ പ്രതിനിധിയായി നിശ്ചയിച്ചിരിക്കുകയാണ്

فَاحْكُم بَيْنَ النَّاسِ بِالْحَقِّ = ആകയാൽ നീ ജനങ്ങൾക്കിടയിൽ നീതി വിധിക്കേണം

وَلَا تَتَّبِعِ الْهَوَىٰ = നീ ജഢികേഛകളെ പിന്തുടർന്നുകൂടാ

فَيُضِلَّكَ = അതുനിന്നെ വ്യതിചലിപ്പിക്കും عَن سَبِيلِ اللَّهِ ۚ = ദൈവിക സരണിയിൽനിന്ന്

إِنَّ الَّذِينَ يَضِلُّونَ عَن سَبِيلِ اللَّهِ = തീർച്ചയായും ദൈവിക സരണിയിൽനിന്ന് വ്യതിചലിക്കുന്നവ(രോ)ർ

لَهُمْ = അവർക്കുണ്ട് (ഉള്ളത്) عَذَابٌ شَدِيدٌ = കൊടിയ (നരക) പീഡനമാകുന്നു

بِمَا نَسُوا = അവർ മറന്നതുകൊണ്ട് (മറന്നുപോയതിനാൽ) يَوْمَ الْحِسَابِ = വിചാരണാ ദിനം

സ്വന്തം വീഴ്ച മനസ്സിലാക്കി അല്ലാഹുവിനോട് മാപ്പപേക്ഷിക്കുകയും പശ്ചാത്തപിക്കുകയും ചെയ്ത ദാവൂദി(അ)ന് പൊറുത്തുകൊടുത്തശേഷം അല്ലാഹു അവസാനമായി ഒരിക്കൽ കൂടി അദ്ദേഹത്തിന്റെ നിയോഗവും അതിന്റെ ശ്രേഷ്ഠതയും ഓർമിപ്പിക്കുകയാണ്. അദ്ദേഹം അല്ലാഹുവിന്റെ പ്രതിനിധിയായി വർത്തിക്കുന്നു. ഭൂമിയിൽ അല്ലാഹുവിന്റെ പ്രതിനിധിയാവുക എന്നാൽ സമൂഹത്തിൽ അല്ലാഹുവിന്റെ വിധിവിലക്കുകൾ നടപ്പാക്കുക; ദൈവാഭീഷ്ടമനുസരിച്ച് നാടുഭരിക്കുകയാണ്. ഈ ആശയത്തെ കൂടുതൽ വ്യക്തമാക്കുന്നതാണ് തുടർന്ന് പറയുന്ന فَاحْكُم بَيْنَ النَّاسِ بِالْحَقِّ وَلَا تَتَّبِعِ الْهَوَىٰ എന്ന വാക്യം. മനുഷ്യർക്കിടയിൽ സത്യവും നീതിയും വിധിക്കുക. എന്നുവെച്ചാൽ ആളുകൾക്കിടയിൽ തർക്കമുണ്ടാകുമ്പോൾ ശരിയായ തീരുമാനമുണ്ടാക്കുക എന്നു മാത്രമല്ല. അത് മാത്രമുദ്ദേശിക്കുമ്പോൾ فَاقْضِ എന്നാണ് പറയുക. ഭരണവും ശാസനാധികാരവും കൂടി ഉൾക്കൊള്ളുന്നതാണ് حكم. ഭൗതികവും ആത്മീയവുമായ താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് ജനജീവിതം സുഗമമാക്കലും അല്ലാഹുവിന്റെ പ്രതിനിധി (خليفة) ആയ വിധികർത്താവിന്റെ (حاكم) ഉത്തരവാദിത്തമാകുന്നു. ഈ ദൗത്യത്തെ ആസക്തികളും ജഢികേഛകളും സ്വാധീനിച്ചുകൂടാ. അല്ലാഹുവിന്റെ ശാസനകളെയാണ് അവന്റെ പ്രതിനിധി പിന്തുടരേണ്ടത്. ജഢികേഛകളെ പിന്തുടർന്നാൽ അതയാളെ അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് -പ്രതിനിധിയുടെ ദൗത്യത്തിൽനിന്ന്- വ്യതിചലിപ്പിക്കും. അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് വ്യതിചലിക്കുമ്പോൾ, തന്റെ ദൗത്യം എങ്ങനെ നിർവഹിച്ചുവെന്ന് ഒരുനാൾ താൻ പ്രതിനിധീകരിക്കുന്ന അല്ലാഹുവിന്റെ മുമ്പിൽ കണക്കുപറയേണ്ടി വരുമെന്ന കാര്യം മറന്നുപോകുന്നു. കൊടിയ നരക ശിക്ഷയിലേക്കാണ് അതവരെ കൊണ്ടെത്തിക്കുക. ●